(സി) കാലതാമസത്തിനുള്ള പ്രശ്നങ്ങൾ പരിഹരിച്ച് ചാലക്കുടി കെ. ഡബ്ള്യൂ. എ. സ്കീം കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലക്കുടി കെ. ഡബ്ള്യൂ. എ. സ്കീം ഭാഗീകമായി കമ്മീഷൻ ചെയ്തിട്ടുണ്ട്.

(ബി) ഈ സ്കീമിന് ആവശ്യമായ ട്രാൻസ്ഫോർമറുകളുടെ പണി പൂർത്തീകരിക്കാത്തതുകൊണ്ടും വിതരണ ശൃംഖല ചാർജ്ജ് ചെയ്യുമ്പോഴും ഉണ്ടാകുന്ന ലീക്ക് തീർക്കുന്നതിനാവശ്യമായ സമയം വേണ്ടി വരുന്നതുകൊണ്ടും ഗ്യാസ് കണക്ഷനുകൾ പൂർത്തീകരിക്കുവാനുള്ള കാലതാമസംകൊണ്ടുമാണ് പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്യുവാൻ കാലതാമസം ഉണ്ടാകുന്നത്.

(സി) പ്രശ്നങ്ങൾ പരിഹരിച്ച് പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കുലുക്കല്ലൂർ-നെല്ലായ ശുദ്ധജലവിതരണ പദ്ധതി

61 [3204] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ കുലുക്കല്ലൂർ-നെല്ലായ ശുദ്ധജല വിതരണ പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി താമസംവിനാ ആരംഭിക്കേണ്ടതിന്റെ പ്രാധാന്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കുലുക്കല്ലൂർ-നെല്ലായ ശുദ്ധജല വിതരണ പദ്ധതി ഈ വർഷംതന്നെ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ ശുദ്ധീകരണശാല, പമ്പ്ഹൗസ്, ജലസംഭരണി മുതലായ ഘടകങ്ങൾക്ക് ആവശ്യമായ സ്ഥലം ലഭിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തെക്കുംകര ശുദ്ധജല വിതരണ പദ്ധതി

62 [3205] ശ്രീ. വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ തെക്കുംകര ശുദ്ധജലവിതരണ പദ്ധതി എന്നാണ് ആരംഭിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly